നം. 9/2016/SRG/CC

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.05.2017 ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

**യോഗം രാവിലെ 11.30 ന് നിയമസഭാകോംപ്ലക്സിലെ ഹാൾ നമ്പർ 610-ൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.**

**1 26.04.2017-ലെ യോഗ തീരുമാനപ്രകാരം തുടർനടപടി എടുക്കേണ്ട വിഷയങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ യോഗം അവലോകനം ചെയ്തു.**

**1.1 ഇൻഫർമേഷൻ കേരളമിഷൻ** – (നടപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, **IKM)**

1.1.1 ഓരോ മേഖലയ്ക്കും (ഉദാ: വനിതാ ഘടക പദ്ധതി, ഉല്പാദന മേഖല) വേണ്ട വാലിഡേഷൻ ക്രമപ്പെടുത്തി ഈ മേഖലകൾക്ക് വകയിരുത്തേണ്ട തുക നിശ്ചയിച്ചു നൽകുന്ന പ്രക്രിയ- ഇത് ഇന്നുകൊണ്ട് (10.05.2017) പൂർത്തിയാകും എന്ന് ഐ.കെ.എം. പ്രതിനിധി അറിയിച്ചു.

1.1.2 പ്രോജക്ടുകളുടെ എൻട്രി നടത്താൻ ക്രമീകരണം - പദ്ധതി രേഖയിൽ കൂടി ഉൾപ്പെടുത്തത്തക്ക രീതിയിൽ ഓരോ പ്രോജക്ടിനേയും സംബന്ധിച്ച ലഘു വിവരണം അടക്കം. ക്രമീകരണം പൂർത്തിയാക്കി.

1.1.3 പദ്ധതിരേഖ പരിശോധന സംബന്ധിച്ച് – പദ്ധതിരേഖയോടൊപ്പം വേണ്ട അനുബന്ധ രേഖകളും ഫോറങ്ങളും ലഭ്യമാക്കൽ. ക്രമീകരണം പൂർത്തിയാക്കി.

1.1.4 വാർഷിക പദ്ധതിയും പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതിനു ശേഷം നൽകേണ്ട ജില്ലാ കളക്ടറുടെ നടപടിക്രമം- ക്രമീകരണം പൂർത്തിയാക്കി.

1.1.5 പ്രോജക്ട് വെറ്റിംഗ് സംബന്ധിച്ച് – 20.05.2017 നു മുമ്പ് ക്രമീകരണം നടത്തും.

1.1.6 പദ്ധതി പുരോഗതി റിപ്പോർട്ടിൽ വരുത്തേണ്ട മാറ്റങ്ങൾ

(a) ഇപ്പോൾ സുലേഖ സോഫ്റ്റ് വെയറിൽ ആകെ ചെലവ് മാത്രമാണ് കാണിക്കുന്നത്. ഈ രീതിയിൽ മാറ്റം വരുത്തി ഓരോ മാസത്തെ ചെലവും, ആകെ ചെലവും കാണാൻ കഴിയണം.

(b) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി റിപ്പോർട്ട് എല്ലാ സൈറ്റിലും ഏകീകരിച്ച രീതിയിലായിരിക്കണം.

(c) സ്പിൽഓവർ പ്രോജക്ടുകളുടെ ചെലവ് പ്രത്യേകമായി കാണാൻ കഴിയുന്ന രീതിയിൽ ആയിരിക്കണം-

ഇവയ്ക്ക് 15.05.2017 മുമ്പ് ക്രമീകരണം നടത്തും.

1.1.7 നിർവഹണ ഉദ്യോഗസ്ഥർക്ക് 'സാംഖ്യ' വഴി റിക്വസിഷൻ നൽകാനുള്ള സൗകര്യം ഒരുക്കൽ– 01.06.2017 നകം ക്രമീകരണം നടത്തും.

1.1.8 സുലേഖയിൽ സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭിച്ചതിനുശേഷം ഇത് ലഭിച്ചു എന്ന് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കൽ.– 15.05.2017 ന മുമ്പ് ക്രമീകരണം നടത്തും.

1.1.9 ഓരോ പ്രോജക്ടും പൂർത്തിയായാൽ ആസ്തി രജിസ്റ്ററിൽ (സചിത്ര സോഫ്റ്റ് വെയർ) ചേർത്തുമാത്രം റിക്യുസിഷൻ നൽകാൻ കഴിയുന്ന രീതി ഒരുക്കൽ–സാംഖ്യസോഫ്റ്റ് വെയറിലൂടെ ഇത് നടത്താൻ വേണ്ട ക്രമീകരണം ഒരുക്കും.

1.1.10 മുൻവർഷത്തെ തനതു ഫണ്ട് ചെലവും ഈ വർഷത്തെ തനതുഫണ്ടു വകയിരുത്തലും സംബന്ധിച്ച പരിശോധന സുലേഖ സോഫ്റ്റ് വെയറിലൂടെ ജില്ലാ പ്ലാനിംഗ് ഓഫീസിൽ തന്നെ നടത്താനുള്ള ക്രമീകരണം– സാംഖ്യസോഫ്റ്റ് വെയറിലൂടെ ഇതിനുള്ള ക്രമീകരണം നടത്തും.

1.1.11 ഇതു കൂടാതെ എസ്.ആർ.ജി.യിൽ നിന്നു നൽകിയ കുറിപ്പ് പ്രകാരം നടത്തേണ്ട ക്രമീകരണങ്ങൾ– ഇവ എല്ലാം തന്നെ 17.05.2017 ന മുമ്പ് പൂർത്തിയാക്കും.

1.2 തുടർന്ന് പദ്ധതി രൂപീകരണം സംബന്ധിച്ച് താഴെ പറയുന്നവ പ്രത്യേകമായി അവലോകനം നടത്തി.

<u>**അവലോകനം നടത്തേണ്ട വിഷയങ്ങൾ**</u>

(A) സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ – ക്രോഡീകരണം
(B) ഗ്രാമസഭായോഗങ്ങൾ
(C) വികസനരേഖ തയ്യാറാക്കൽ
(D) വികസന സെമിനാറുകൾ
(E) പ്രോജക്ട് തയ്യാറാക്കൽ – വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ
(F) പ്രോജക്ട് എഴുതി തയ്യാറാക്കലും – ഡാറ്റാഎൻട്രിയും
(G) പദ്ധതിരേഖ
(H) വാർഷിക പദ്ധതി ഡി.പി.സിക്കു സമർപ്പിക്കൽ
(I) ജില്ലാ ആസൂത്രണസമിതി അംഗീകാരം നേടൽ

ഇവയുടെ ഇപ്പോഴത്തെ പുരോഗതി പഞ്ചായത്തു ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ അവതരിപ്പിച്ചു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## അവലോകന റിപ്പോർട്ട് –09.05.2017

| **I സ്റ്റാറ്റസ് റിപ്പോർട്ട്** | **ഗ്രാമ പഞ്ചായത്ത്** | **മുനിസിപ്പാലിറ്റി** | **കോർപ്പറേഷൻ** | **ബ്ലോക്ക് പഞ്ചായത്ത്** | **ജില്ലാ പഞ്ചായത്ത്** |
|---|---|---|---|---|---|
| 1) സ്റ്റാറ്റസ് റിപ്പോർട്ട ക്രോഡീകരണം പൂർത്തിയാക്കിയ സ്ഥാപനങ്ങൾ | 836 | 65 | 05 | 147 | 13 |
| 2) സ്റ്റാറ്റസ് റിപ്പോർട്ട ക്രോഡീകരണം പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ | 105 | 22 | 01 | 05 | 01 |
| **II ഗ്രാമ/വാർഡ് സഭായോഗങ്ങൾ** | | | | | |
| 1) ഗ്രാമ/ വാർഡ് സഭാ യോഗം പൂർത്തിയാക്കിയ സ്ഥാപനങ്ങൾ | 884 | 76 | 04 | 143 | 12 |
| 2) ഇതുവരെയും ഗ്രാമ/ വാർഡ് സഭാ യോഗം പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ | 57 | 11 | 02 | 09 | 02 |
| **III വികസന രേഖ** | | | | | |
| 1) വികസനരേഖ അന്തിമമാക്കിയ സ്ഥാപനങ്ങൾ | 302 | 52 | 04 | 81 | 09 |
| 2) വികസനരേഖ അന്തിമമാക്കാത്ത സ്ഥാപനങ്ങൾ | 639 | 35 | 02 | 71 | 05 |
| **IV വികസന സെമിനാർ** | | | | | |
| 1) വികസന സെമിനാറുകൾ നടത്തിയ സ്ഥാപനങ്ങൾ | 266 | 22 | 05 | 66 | 05 |
| 2) വികസന സെമിനാറുകൾ നടത്താത്ത സ്ഥാപനങ്ങൾ | 675 | 65 | 01 | 86 | 09 |
| **V പ്രോജക്ട് തയ്യാറാക്കൽ** | | | | | |
| 1) വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പ്രോജക്ടുകൾ തയ്യാറാക്കിയ സ്ഥാപനങ്ങൾ | 372 | 04 | NIL | 73 | 03 |
| 2) വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ പ്രോജക്ടുകൾ പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ | 569 | 83 | 06 | 79 | 11 |
| **VI പ്രോജക്ട് ഡാറ്റാഎൻട്രി** | | | | | |
| 1) പ്രോജക്ട് ഡാറ്റാഎൻട്രി ആരംഭിച്ചവർ | 289 | 22 | NIL | 75 | NIL |
| 2) പ്രോജക്ട് ഡാറ്റാഎൻട്രി പൂർത്തിയാക്കിയവർ | 111 | NIL | NIL | Nil | NIL |
| 3) എത്ര പ്രോജക്ടുകൾ ഡാറ്റാഎൻട്രി നടത്തി | 3584 | NIL | NIL | 835 | NIL |
| **VII പദ്ധതിരേഖ** | | | | | |
| 1) അന്തിമ പദ്ധതിരേഖ തയ്യാറാക്കിയവർ | 49 | NIL | NIL | 17 | 01 |
| **VIII വാർഷിക പദ്ധതി DPCയ്ക്ക സമർപ്പിക്കൽ** | | | | | |
| 1) പ്രോജക്ടുകളും പദ്ധതിരേഖയും ഡി.പി.സി.യ്ക്ക് സമർപ്പിച്ച സ്ഥാപനങ്ങൾ | NIL | NIL | NIL | NIL | NIL |
| 2) പ്രോജക്ടുകളും പദ്ധതിരേഖയും ഡി.പി.സി.യ്ക്ക് സമർപ്പിക്കാൻ തയ്യാറായ സ്ഥാപനങ്ങൾ | NIL | NIL | NIL | NIL | NIL |

## 2. പൊതുവിഷയങ്ങൾ

2.1 2017-18 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖകളിൽ ചില ഭേഗഗതികളും തിരുത്തലുകളും ആവശ്യമായി വന്നിട്ടുണ്ട്. ഇവ പരിഹരിച്ചുകൊണ്ടുള്ള കുറിപ്പ് എസ്.ആർ.ജി യിൽ നിന്ന് തയ്യാറാക്കി സർക്കാരിലേക്ക് നൽകണം.

(നടപടി – എസ്.ആർ.ജി)

2.2 2017– 18പദ്ധതി ആസൂത്രണവും നിർവ്വഹണവും സംബന്ധിച്ച് ജില്ലാതല അവലോകനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാ കളക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവരുമായി ചേർന്ന് അടിയന്തിര നടപടി സ്വീകരിക്കണം. ജില്ലാതല അവലോകനം സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ക്രോഡീകരിച്ച് പ്രത്യേകമായി വിലയിരുത്തണം. പ്രശ്നങ്ങളുള്ള വിഷയങ്ങൾ അതാത് വകുപ്പുമേധാവികൾ പരിഹരിക്കുകയും ആവശ്യമായവ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്യണം.

(നടപടി– 1. തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്
2.നഗരകാര്യ ഡയറക്ടർ
3. പഞ്ചായത്ത് ഡയറക്ടർ
4. ഗ്രാമവികസന കമ്മീഷണർ)

2.3 പദ്ധതിരൂപീകരണവും അംഗീകാരവും സംബന്ധിച്ച നടപടികൾ 31.05.2017 നകം പൂർത്തിയാക്കത്തക്കരീതിയിൽ ഡി.പി.സി. നടപടി സ്വീകരിക്കണം.

(നടപടി – 1. തദ്ദേശഭരണ ഡി.എ/ഡി.ബി വകുപ്പ്
2. എല്ലാ ജില്ലാ കളക്ടർമാരും)

2.4 2015–16 വാർഷിക പദ്ധതിയിൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാര ത്തോടെ പുതുതായി ഏറ്റെടുത്തതും ആ വർഷം നിർവഹണം പൂർത്തിയാകാ ത്തതിനാൽ 2016–17 ൽ ഭേദഗതി ഇല്ലാത്ത സ്പിൽ ഓവറായി ഉൾപ്പെടുത്തി യെങ്കിലും 2017 മാർച്ച് 31 ന് ഭൗതികമായി നിർവഹണം പൂർത്തിയാകാത്ത പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് വേണ്ട വിഹിതം 2017–18 ലെ ബജറ്റ് വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തദ്ദേശഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്. ഇതു സംബന്ധിച്ച സർക്കുലർ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

2.5 2016–17 വാർഷിക പദ്ധതി ഭേദഗതി പ്രക്രിയ ആരംഭിച്ചുവെങ്കിലും 27.03.2017 നകം പൂർത്തിയാക്കാൻ കഴിയാത്ത സ്ഥാപനങ്ങളുടെ വാലിഡേഷൻ ക്രമപ്പെടുത്തൽ

2016–17 സാമ്പത്തികവർഷാവസാനം വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് ഡി.പി.സിയുടെ അനുമതി ലഭിച്ചതിനെ തുടർന്ന് പ്രോജക്ട് ഭേദഗതി ചെയ്തു വെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കി അവസാനതീയതിയായ മാർച്ച് 27 ന് മുമ്പ് ഡി.പി.സി.യുടെ അംഗീകാരം വാങ്ങാൻ കഴിയാത്ത ചില തദ്ദേശഭരണ

സ്ഥാപനങ്ങളുണ്ട്. അംഗീകാര പ്രക്രിയ പൂർത്തിയായെങ്കിൽ മാത്രമേ ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017 – 18 വാർഷിക പദ്ധതി രൂപീകരിക്കാൻ കഴിയുകയുള്ളൂ. തുടങ്ങിവച്ച ഭേദഗതി പ്രക്രിയ ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകളോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

I. ഭേദഗതി ചെയ്യുന്നതിന് ഡി.പി.സി. അനുവാദം നൽകിയ പ്രോജക്ടുകൾ (ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്ന് ) ഭേദഗതി ചെയ്യാം.

II. സർക്കാർ അനുമതി ലഭിച്ചതിന്റേയോ സർക്കാർ നിർദ്ദേശിച്ചതിന്റെയോ അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അത് 2016–17 വാർഷിക പദ്ധതിയുടെ ഭാഗമാക്കാം. മറ്റ് പുതിയ പ്രോജക്ടുകൾ അനുവദനീയമല്ല.

III. മുകളിൽ വിവരിച്ച ഭേദഗതികൾ ചെയ്യുന്നതിന് വേണ്ട വിഹിതം സേവിംഗ്സ് തുക ഉപയോഗിച്ചോ തുടരേണ്ടതില്ലാത്ത പ്രോജക്ടുകൾ ഉപേക്ഷിച്ചോ മറ്റു പ്രോജക്ടുകൾ ഭേദഗതി ചെയ്തോ കണ്ടെത്തണം.

IV. ഇതിനായി മേഖലാതല നിബന്ധനകളുടെ ഇലക്ട്രോണിക് പരിശോധന (വാലിഡേഷൻ) ഒഴിവാക്കുന്നു. ഓരോ വിഭാഗത്തിന്റെയും ആകെ തുകയുടെ പരിധിയുടെ ഇലക്ട്രോണിക് പരിശോധന ഉണ്ടായിരിക്കുന്നതാണ്.

V. പ്രോജക്ട് പരിശോധന, അംഗീകാരം എന്നിവയെ സംബന്ധിച്ച് 2016–17 വർഷത്തെ നടപടി ക്രമങ്ങൾ ബാധകമായിരിക്കും. അതായത് ഭേദഗതികൾ പൂർത്തിയാക്കി വെറ്റിംഗ് ഓഫീസർക്ക് അയച്ച് പരിശോധന പൂർത്തിയാക്കേണ്ടതും ഡി.പി.സിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. തുടർന്ന് ഡി.പി.സിയുടെ അന്തിമ നടപടി ഉത്തരവ് നൽകണം.

VI. ഭേദഗതി സംബന്ധിച്ച നടപടിക്രമങ്ങൾ 2017 മെയ് 25 നകം പൂർത്തിയാക്കേണ്ടതാണ്.

2.6 പുതിയ പ്രോജക്ടുകൾ/നൂതന പ്രോജക്ടുകൾ എന്നിവയ്ക്കായി സുലേഖ സോഫ്റ്റ് വെയറിൽ പുതിയതായി കോഡുകൾ വേണ്ടി വന്നാൽ അവ പരിശോധിച്ച് പുതിയ കോഡ് എസ്.ആർ.ജിയുടെ ശുപാർശയോടെ ഐ.കെ.എം. നൽകേണ്ടതാണ്.

(നടപടി –1. എസ്.ആർ.ജി, 2. ഐ.കെ.എം)

2.7 സുലേഖ സോഫ്റ്റ് വെയറിലെ പദ്ധതി പുരോഗതി റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേസിലും കുറ്റമറ്റ രീതിയിൽ കാണത്തക്ക വിധത്തിലുള്ള സൗകര്യം ഒരുക്കേണ്ടതാണ്. ഇതിനുള്ള ക്രമീകരണം 15 ദിവസത്തിനകം ചെയ്യണം.

(നപടി – എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

2.8 മുടക്കം കൂടാതെ നടപ്പാക്കേണ്ടതും അത്യാവശ്യ സ്വഭാവമുള്ളതുമായ താഴെ പറയുന്ന രീതിയിലുള്ള പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി അംഗീകാരത്തിനു മുമ്പ് നടപ്പാക്കാവുന്നതാണ്. ഇത്തരം പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനുശേഷം വെറ്റിംഗ് അടക്കമുള്ള മറ്റു നടപടിക്രമങ്ങൾ പാലിച്ചുവേണം നടപ്പാക്കേണ്ടത്. ഇതിനായി ഡി.പി.സി. മെമ്പർ സെക്രട്ടറിയുടെ (ജില്ലാ കളക്ടറുടെ) പ്രത്യേക നടപടിക്രമം ആവശ്യമില്ല. ഈ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കണം.

ഇപ്രകാരം നടപ്പാക്കാവുന്ന പ്രോജക്ടുകൾ

1. അനുപൂരക പോഷകാഹാരപരിപാടികൾ
2. അങ്കണവാടി പോഷകാഹാരം
3. പാലിയേറ്റീവ് കെയർ
4. രോഗികൾക്ക് നടത്തേണ്ട ഡയാലിസിസ്
5. ജലസ്രോതസ്സ് സംരക്ഷണം
6. മഴക്കാല പൂർവ്വ പരിപാടികൾ
7. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി
8. എസ്.എസ്.എ വിഹിതം അടയ്ക്കൽ
9. ഹരിതകേരളം (വ്യക്തിഗത ഗുണഭോക്താക്കൾ ഇല്ലാത്തവ)
10. വരൾച്ചാ ദുരിതാശ്വാസം
11. പി.എച്ച്.സിക്കുള്ള സഹായ പദ്ധതികൾ
12. ഖരമാലിന്യനിർമ്മാർജ്ജനം
13. എ.ബി.സി. പ്രോജക്ടുകൾ
14. അത്യാവശ്യസ്വഭാവമുള്ള കൃഷി പ്രോജക്ടുകൾ

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ് )

2.9 നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കേണ്ടതാണ്. കാലതാമസം ഒഴിവാക്കാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ പ്രത്യേകമായി അവലോകനം നടത്തണം. ഇതിന്റെ റിപ്പോർട്ട് അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

(നടപടി – ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)

2.10 2017 – 18 വാർഷിക പദ്ധതി ഡി.പി.സി. അംഗീകരിക്കേണ്ട അവസാനതീയതി 31.05.2017 ആയി നിശ്ചയിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ വകുപ്പ് )

2.11 ജില്ലാ ആസൂത്രണ സമിതി ചെയർമാന്മാർ, ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ഡപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) എന്നിവരെ ഉൾപ്പെടുത്തി ഒരു വീഡിയോ കോൺഫറൻസ് 22.05.2017 –ാം തീയതി നടത്താൻ തീരുമാനിച്ചു.

(നടപടി– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

2.12 മൂന്ന് ഹൈസ്കൂൾ /ഹയർ സെക്കന്ററി സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി യോഗ്യതയുള്ള കൗൺസിലർമാരെ ജില്ലാ പഞ്ചായത്തിനു 10 മാസത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ് )

2.13 ആവശ്യമുള്ള സ്ഥലങ്ങളിൽ ഒരു പി.എച്ച്.സി ക്ക് ഒരു ഡോക്ടറേയും പാരാമെർഡിക്കൽ സ്റ്റാഫിനേയും അധികമായി നിയമിക്കാവുന്നതാണ്. സി.എച്ച്.സി– കളിൽ ആവശ്യമെങ്കിൽ 2 ഡോക്ട ർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്. നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം വേണം നിയമിക്കേണ്ടത്. ഇതിനുള്ള വേതനം വികസന ഫണ്ടിൽ നിന്നു നൽകാവുന്നതാണ്.

2.14 ഐ.കെ.എം ന്റെ പ്രവർത്തനം വരും വർഷങ്ങളിൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് യോഗം നിരീക്ഷിച്ചു. ഐ.കെ.എം–ന്റെ സേവന ഉപഭോക്താക്കൾക്ക് ആവശ്യത്തിനനുസൃതമായ സേവനം നൽകുന്ന രീതിയിൽ ഐ.കെ.എംനെ നവീകരിക്കണം. പുറമേ നിന്നുള്ള വിദഗ്ധരുടെ സേവനം കൂടി ഉപയോഗപ്പെടുത്താൻ കഴിയണം. 2017 – 18 ലെ പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷം ഇതിനുള്ള നടപടി സ്വീകരിക്കണം.

(നടപടി – 1. തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2.എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 തിരുവനന്തപുരം വയോജന പഠനകേന്ദ്രം ഡയറക്ടറുടെ 27.04.2017–ലെ കത്ത്.

തദ്ദേശഭരണ സ്ഥാപനങ്ങൾ വയോജനസൗഹൃദമാക്കുന്നതിന് തിരുവന ന്തപുരം പാലക്കാട് ജില്ലകളിലെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ സ്ഥാപനം പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. സംസ്ഥാനത്തെ മറ്റു ജില്ലകളിലും ഒരു തദ്ദേശഭരണ സ്ഥാപനത്തെയെങ്കിലും ഈ വർഷം വയോജനസൗഹൃദമാക്കുന്നതിന് പ്രോജക്ട് എടുക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം** – പരിഗണിച്ചില്ല. ഇത്തരം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

### 3.2 നിലമ്പൂർ ബ്ലോക്കു പഞ്ചായത്ത് പ്രസിഡന്റിന്റെ 25.04.2017 ലെ കത്ത്

ചുങ്കത്തറ സി.എച്ച്.സി.യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് ബഹുജനങ്ങളിൽ നിന്ന് 70.00 ലക്ഷം രൂപ സമാഹരിച്ചിട്ടുണ്ട്. ഡയാലിസിസ് സെന്ററിനു വേണ്ടി ബ്ലോക്ക് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളും 2017–18 ലെ വാർഷിക പദ്ധതിയിൽ 10.00 ലക്ഷം രൂപ വീതം മേഖലാ വിഭജനത്തിൽ പെടുത്താതെ നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം** – 1. ഗ്രാമപഞ്ചായത്തുവിഹിതം സ്വരൂപിക്കുന്നത് സംബന്ധിച്ച് ബ്ലോക്കു / ഗ്രാമപഞ്ചായത്തു തലത്തിൽ ചർച്ചചെയ്ത് തീരുമാന മെടുക്കണം.
2. മേഖലാവിഭജനത്തിൽ നിന്ന് ഒഴിവാക്കാവുന്നതല്ല.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

### 3.3 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെയും ജനറൽ സെക്രട്ടറിയുടെയും 26.04.2017 ലെ കത്ത്.

പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കാവുന്ന പ്രോജക്ടുകളിലെ നിബന്ധന ഒഴിവാക്കി പ്ലാൻഫണ്ട് പോലെ പരിഗണിച്ച് തുക ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – അനുമതി നിരസിച്ചു. കേന്ദ്രസർക്കാരിന്റെ പൊതുമാനദണ്ഡത്തിന്റെ ഭാഗമായി പ്രത്യേക ഊന്നൽ കൊടുക്കേണ്ടവ എന്ന നിലയിലാണ് ഇത്തരം മേഖലകളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഇവ മാറ്റംവരു ത്താവുന്നവയല്ല.

(നടപടി – തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.4 **<u>മാള ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സന്റെ 29.04.2017 ലെ കത്തും തൃശ്ശൂർ കുടുംബശ്രീ മിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ 24.03.17 ലെ</u>** <u>709/C/11/KS/TSR</u> **<u>നമ്പർ കത്ത്.</u>**

മാള കുടുംബശ്രീ സി.ഡി.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓറിയോൺ എൽ.ഇ.ഡി. യൂണിറ്റ് നിർമ്മിക്കുന്ന ലൈറ്റുകൾ ടെണ്ടർ ഒഴിവാക്കി വാങ്ങാൻ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – ഇതിന്റെ ഗുണനിലവാരം സംബന്ധിച്ച് തൃശ്ശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ഇലക്ട്രിക്കൽ വിഭാഗത്തിന്റേയോ തത്തുല്യസ്ഥാപനത്തിന്റേയോ സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് പിന്നീട് തീരുമാനമെടുക്കും.

(നടപടി – തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്)

3.5 **<u>എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.04.2017 ലെ കത്തും. 24.04.17 ലെ 1 (4)–ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

2014 – 15 ൽ താഴെ പറയുന്ന രണ്ടു എസ്.സി.എസ്.പി പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിരുന്നു. ഇവയുടെ പണി പൂർത്തിയായി.

1) മുണ്ടേങ്ങര എസ്.സി. ശ്മശാനം ചുറ്റുമതിൽ – 3.00 ലക്ഷം രൂപ
2) ഒറ്റപ്പോക്ക് എസ്.സി. ശ്മശാനം ചുറ്റുമതിൽ– 3.00 ലക്ഷം

ഇവ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ലാത്തതിനാൽ ബിൽതുക നൽകാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – ഇതു "ഗുണഭോക്തൃകമ്മിറ്റിയുടെ ഉടമസ്ഥതയിലും സങ്കേത നിവാസികളുടെ പൊതു ആവശ്യത്തിനുവേണ്ടിയുമാണ്" എന്ന പട്ടികജാതി വികസനഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകാവുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

3.6 **<u>ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ അദ്ധ്യാപകർ നൽകിയ കത്തും കേരള ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ സ്റ്റാഫ് യൂണിയൻ പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് നൽകിയ കത്തും.</u>**

<u>താഴെ പറയുന്ന ആവശ്യങ്ങൾ പരിഹരിക്കുന്നതു സംബന്ധിച്ച്</u>

1. ടീച്ചർമാരുടെ കുറഞ്ഞ വേതനം 20,000/– രൂപയാക്കണം
2. യോഗ്യതയുടെയും പരിചയത്തിന്റെയും അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിക്കുക.
3. ആയമാരുടെ കുറഞ്ഞവേതനം 12,000/– രൂപയാക്കുക
4. ടീച്ചർ, കുട്ടികൾ അനുപാതം 1:8 ഉം, ആയ – കുട്ടികൾ അനുപാതം 1:10 ഉം ആക്കുക
5. ഇൻക്രിമെന്റ് അനുവദിക്കുക
6. അധിക ജോലിക്ക് പ്രത്യേക വേതനം നൽകുക.

**<u>തീരുമാനം</u>** – ബഡ്സ് സ്കൂളിലെ അദ്ധ്യാപകരുടെ വേതനത്തിന്റെ മാനദണ്ഡം ബഡ്സ്റിഹാബിലിറ്റേഷൻ സെന്ററിലെ അദ്ധ്യാപകർക്കും ബാധകമാണ്. 2017–18ലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ ഉടനെ ഭേദഗതി വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ(ഐ.എ) സെക്ഷൻ വകുപ്പ്)

3.7 **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.04.2017 - ലെ** E8/316/17/TDP **നമ്പർ കത്ത്**

19.08.2016 ലെ 2807/16/തസ്വഭവ ഉത്തരവു പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കൃഷി പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രിൻസിപ്പൽ കൃഷി ഓഫീസറെ ഒഴിവാക്കി കൃഷി ഡെപ്യൂട്ടി ഡയറക്ടറെ ഉൾപ്പെടുത്തി. ഇത് റദ്ദ ചെയ്ത് പ്രിൻസിപ്പൽ കൃഷി ഓഫീസറെ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കണമെന്ന ആവശ്യം സംബന്ധിച്ച്. ഇതനുസരിച്ച് ഉത്തരവ് ഭേദഗതി ചെയ്യേണ്ടതാണ്.

**തീരുമാനം** - പിന്നീട് തീരുമാനിക്കും

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

3.8 **തിരുവനന്തപുരം ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 14.03.2017 ലെ E1-4171/06/TDP-ാം നമ്പർ കത്ത്.**

കോർഡിനേഷൻ കമ്മിറ്റിയുടെ 15.02.17 ലെ തീരുമാനപ്രകാരം വെഞ്ഞാറമൂട്, കൊറ്റാമം കെയർ ഹോമുകൾക്ക് ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് ദൈനംദിന പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കാൻ അനുമതി നൽകിയിരുന്നു. എന്നാൽ ഓണറേറിയം, വേതനം എന്നിവ നൽകാൻ അനുമതി നൽകിയിരുന്നില്ല. വൃദ്ധർ/ഭിന്നശേഷിക്കാർ എന്നിവർക്കുള്ള വിഹിതത്തിൽ നിന്നും ഓണറേറിയം, വേതനം എന്നിവ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** - 1. 2017 - 18 ലെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിബന്ധനക്കു വിധേയമായി വേതനം നൽകാവുന്നതാണ്.
3 ഇതിനായി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.4(10) പ്രകാരമുള്ള വിഹിതം ഉപയോഗിക്കാവുന്നതാണ്.

(നടപടി - തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്)

3.9 **ഞീഴൂർ ഗ്രാമപഞ്ചായത്തുപ്രസിഡന്റിന്റെ 18.02.2017 ലെ** A-655/17-**ാം നമ്പർ കത്ത്.**

എം.എൻ ലക്ഷം വീട്ടു പദ്ധതിയിൽ ഇരട്ടവീടുകൾ ഒറ്റ വീടാക്കുന്നതിന് സംസ്ഥാനഭവന ബോർഡിൽ നിന്ന് ലഭിച്ച 3.00 ലക്ഷം രൂപയും പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നുള്ള 3.00 ലക്ഷം രൂപയും ചേർത്ത് 2010 ൽ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുകചെലവഴിച്ചിട്ടില്ല. പദ്ധതി നടപ്പാക്കിയില്ല. ഇപ്പോൾ പലിശ സഹിതം 7,63,350/- രൂപയുണ്ട്. ഇപ്പോൾ ജില്ലാ പഞ്ചായത്തുമായി ചേർന്ന് 12 ഇരട്ടവീടുകൾ പുനർനിർമ്മിച്ച് 24 ഒറ്റ വീടാക്കാൻ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് / ഗ്രാമപഞ്ചായത്ത് വിഹിതത്തോടൊപ്പം 2010 - ൽ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച തുക പലിശ അടക്കം 7,63350/- രൂപ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**- അനുമതി നൽകുന്നു.

(നടപടി - തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

3.10 **പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.03.17 ലെ A5-2840/17-ാം നമ്പർ കത്തും 22.03.17 ലെ II-ാം നമ്പർ ഭരണസമിതി തീരുമാനവും.(FM2/116/17/LSGD)**

പുറക്കാട് ഗ്രാമപഞ്ചായത്തിലെ ഗവ. ഐ.റ്റി. കെട്ടിടത്തിന്റെ 01.07.2013 മുതൽ 31.03.2015 വരെയുള്ള വാടകകുടിശ്ശിക നൽകുന്നതിനുള്ള പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. വാടക കുടിശ്ശിക നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനമല്ല. എന്നാൽ വാടക ഗ്രാമപഞ്ചായത്ത് നൽകാമെന്ന കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ വാടക നൽകാൻ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

3.11 **കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാന്റെ 27.04.2017 ലെ** 100/T3/14/KSFDC **നമ്പർ കത്ത്.**

തദ്ദേശ ഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതി, നവകേരള മിഷൻ പരിപാടികൾ എന്നിവ ഡോക്യുമെന്റ് ചെയ്യാനും ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കാനും ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഒരു ലക്ഷം രൂപ തനതുഫണ്ടിൽ നിന്നു ചെലവഴിക്കാനും അനുമതി സംബന്ധിച്ച്.

**തീരുമാനം** – ഇതു സംബന്ധിച്ച് KFDC ചെയർമാനുമായി ചർച്ചചെയ്തു തീരുമാനമെടുക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. എല്ലാ തദ്ദേശഭരണ സ്ഥാപന ങ്ങളിലും ഇതു നടപ്പാക്കേണ്ടതില്ല. കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകളിൽ മാത്രം നടപ്പാക്കുന്നതു പരിഗണിച്ചാൽ മതിയാകും.

(നടപടി – തദ്ദേശസ്വയംഭരണ(ആർ.ഡി) വകുപ്പ് )

3.12 **എറണാകുളം ജില്ലാ പഞ്ചായത്ത സെക്രട്ടറിയുടെ 22.04.17 ലെ** DP-15-1788/16-**ാം നമ്പർ കത്തും 15.02.17 ലെ 5(2)-ാം നമ്പർ ഭരണസമിതി തീരുമാനവും.**

താഴെപറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉപരിപഠനത്തിന് ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ജില്ലാ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഇവർക്ക് ഉപരിപഠനത്തിന് ധനസഹായം നൽകുന്നതിന് 2017-18 ലെ പദ്ധതി ആസൂത്രണ മാർഗ്ഗ നിർദ്ദേശത്തിലെ നിബന്ധനകളിൽ നിന്ന് ഒഴിവാക്കണമെന്നത് സംബന്ധിച്ച്

| **പേര്** | **കോഴ്സ്** | **കാലയളവ്** | **രാജ്യം/യൂണിവേഴ്സിറ്റി** |
|---|---|---|---|
| കൃപസിദ്ധൻ. പി.എസ്<br>പെരുമ്പടവിൽ<br>വാരാപ്പുഴ | MBBS | 6 വ ർഷം | റഷ്യ |
| പ്രവീൺ കുമാർ. കെ.പി<br>പുളക്കപ്പറമ്പ് വീട്<br>നെരിക്കോട് | RBMC<br>(Diploma in<br>Retail<br>Management) | 1 വർഷം | ന്യൂസിലാന്റ് |

**തീരുമാനം**–

1. ബന്ധപ്പെട്ട ഗ്രാമ/വാർഡ് സഭയിൽനിന്ന് അംഗീകാരം വാങ്ങുകയോ പിന്നീട് ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യുകയോ വേണം.
2. പട്ടികജാതി വികസനവകുപ്പിലെ മാനദണ്ഡപ്രകാരമുള്ള ധനസഹായം നൽകാം
3. പ്രോജക്ടുതയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരംവാങ്ങിയിരിക്കണം. ഈ നിബന്ധനയോടെ ധനസഹായം നൽകാവുന്നതാണ്.

(നടപടി – 1. തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2. പട്ടികജാതി വികസനവകുപ്പ് )

**3.13 ചെങ്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.05.17– ലെ** A5/3772/17–ാം **നമ്പർകത്തും 20.03.17 ലെ 1 (9)–ാം നമ്പർ ഭരണസമിതി തീരുമാനവും.**

2016–17 ലെ വാർഷിക പദ്ധതിയിൽ ഭേദഗതിക്കായി 46 പ്രോക്ടുകൾ ഉൾപ്പെടുത്തിയിരുന്നു. ഭേദഗതിക്കായി അനുമതി ആവശ്യപ്പെട്ട് ഇവ ജില്ലാ പ്ലാനിംഗ് ഓഫീസിൽ സമർപ്പിച്ചത് 27.03.17 നാണ്. ഇവ വെറ്റ് ചെയ്ത് ഡി.പി.സി ക്കു സമർപ്പിച്ചത് 30.03.17 നാണ്. വാർഷിക പദ്ധതി ഭേദഗതി ഡി.പി.സി അംഗീകരിക്കേണ്ട അവസാനദിവസം 27.03.17നായിരുന്നു. അതിനാൽ ഇവയ്ക്ക് ഡി.പി.സി അംഗീകാരം ലഭിച്ചില്ല. പ്രത്യേക അനുമതി നൽകുന്നതു സംബന്ധിച്ച്

**തീരുമാനം** – പൊതുതീരുമാനപ്രകാരം ഖണ്ഡിക 2.5 ബാധകമാണ്.

(നടപടി – 1. തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2. ഐ.കെ.എം)

3.14 **എസ്.സി.എസ്.പി/റ്റി.എസ്.പി. പദ്ധതികളുടെ നിർവ്വഹണവും മോണിറ്ററിംഗും സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിൽ** 26.04.2017 **ൽ നടന്ന യോഗത്തിന്റെ മിനിറ്റ്സും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫിന്റെ കുറിപ്പും.**

പട്ടികജാതിവിഭാഗക്കാർക്കുള്ള പ്രത്യേക ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതിയുടെ മോണിറ്ററിംഗിനായി ജിയോ ടാഗിംഗ് (Geo tagging) ഏർപ്പെടുത്തണമെന്ന് 26.04.17 ൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് ആവശ്യമായ ക്രമീകരണം ഐ.കെ.എം സോഫ്റ്റ് വെയറിൽ വരുത്തുന്നതു സംബന്ധിച്ച്.

**തീരുമാനം** – തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ ഭവന നിർമ്മാണ പ്രവർത്തികൾക്കും ജിയോ ടാഗിംഗ് നടപ്പാക്കേണ്ടതാണ്. ഇതിന് ആവശ്യമായ ക്രമീകരണം ഐ.കെ.എം സോഫ്റ്റ് വെയറിൽ വരുത്തണം.

(നടപടി – 1. തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2. ഐ.കെ.എം)

3.15 **<u>നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ നൽകിയ കത്തുകൾ (EU3/234/2016-LSGD).</u>**

കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളകുടിശ്ശിക, സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ് തുടങ്ങിയവ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്.

**<u>തീരുമാനം</u>** – ഇതു വകുപ്പുതലത്തിൽ തീരുമാനമെടുക്കണം. കോർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു വരേണ്ടതല്ല എന്ന് നിരീക്ഷിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ (ഇ.വി)വകുപ്പ് )

3.16 **<u>പത്തനംതിട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 08.05.17 ലെ കത്തും 08.05.17 ലെ X(2)-ാം നമ്പർ ഭരണസമിതി തീരുമാനവും.</u>**

കുട്ടനാട് മേഖലയിൽ നെൽകൃഷി, വാഴകൃഷി തുടങ്ങിയവയ്ക്കുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്ത് സ്വന്തമായി ഏറ്റെടുത്തു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** – മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമാണ് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കാവുന്നത്. എന്നാൽ ഇത്തരം പ്രോജക്ടുകളിലേക്ക് 50 ശതമാനം വിഹിതം ബ്ലോക്കു/ ജില്ലാ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്. ഇപ്രകാരം പ്രോജക്ടു നടപ്പാക്കേണ്ടതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ് )

3.17 **<u>ഗ്രാമ വികസന കമ്മീഷണറുടെ 13.02.17 ലെ 1162/PH&TI/17/CRD(2) നമ്പർ കത്ത്</u>**

പി.എം.എ.വൈ (ഗ്രാമീൺ) ഭവനപദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രോജക്ട് മാനേജ് മെന്റ് യൂണിറ്റിന്റെ ചെലവുകൾക്ക് സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് പരമാവധി 50000/- രൂപ വരെ ഒരു പ്രാവശ്യം ചെലവഴിക്കുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>**– വകുപ്പുതലത്തിൽ തീരുമാനമെടുക്കണം.

(നടപടി – 1.തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്
2. ഗ്രാമവികസന കമ്മീഷണർ)

**3.18** **<u>തിരൂർബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.05.2017 – ലെ കത്ത്.</u>**

പാലിയേറ്റീവ് കെയർ സ്ഥാപനങ്ങൾക്ക് ഉപകരണം വാങ്ങുന്നതിനുള്ള താഴെ പറയുന്ന രണ്ട് പ്രോജക്ടുകൾ ഭാഗികമായി നടപ്പാക്കി. എന്നാൽ ഇതിനെതിരെ ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയതിനാൽ തുക നൽകാൻ കഴിയുന്നില്ല.

| പ്രോ.നം | തുക (രൂപ) | വർഷം |
|---|---|---|
| 75/2016 | 2,00,000/- | 2015-16 |
| 56/2017 | 6,13,194/- | 2016-17 |

പ്രോജക്ട് പൂർത്തിയാക്കി നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം** – പ്രത്യേക അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ് )

3.19 **സിഡ്കോ ചെയർമാന്റെ 09.05.2017- ലെ SIDCO/RMD/HQ/GI/ 2016-17-ാം നമ്പർ കത്ത്.**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് റോഡു നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ ബിറ്റുമിൻ സിഡ്കോ മുഖേന വാങ്ങാൻ അനുമതി നൽകണ മെന്നതു സംബന്ധിച്ച്.

**തീരുമാനം** – 1.) ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും കരാറുകാരനും വാങ്ങുന്ന ബിറ്റുമിന്റെ അളവനുസരിച്ച് ഓയിൽ കമ്പിനികളുടെ ഒറിജിനൽ ബിൽ തദ്ദേശഭരണ സ്ഥാപനത്തിനും കരാറുകാരനും പ്രത്യേകമായി നൽകണം.

**2)** ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്കു കൂലി മാത്രം പ്രത്യേകമായി നൽകാം. അതിനു സിഡ്കോയുടെ ബിൽ മതിയാകും. ഇതനുസരിച്ച് ഓയിൽകമ്പിനികളുമായി സിഡ്കോ നെഗോഷിയേറ്റ് ചെയ്തു നിർദ്ദേശം സർക്കാരിനു നൽകുന്ന മുറയ്ക്ക് പിന്നീട്ടു തീരുമാനമെടുക്കുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
മാനേജിംഗ് ഡയറക്ടർ, സിഡ്കോ)

3.20 **കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെയും ജനറൽ സെക്രട്ടറിയുടേയും 04.05.2017- ലെ KGPA/LMLSGD/201705002-ാം നമ്പർ കത്ത്.**

തദ്ദേശ ഭരണസ്ഥാപനങ്ങൾ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് 2017 – 18 ൽ വകയിരുത്തേണ്ട വിഹിതം എത്രയെന്നതിന്മേൽ സ്പഷ്ടീകരണം സംബന്ധിച്ച്.

**തീരുമാനം**– തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിലയിരുത്തൽ അനുസസരിച്ച് വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കാൻ, പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം, PMAY വിഹിതം, ഇ.എം.എസ് ഭവന നിർമ്മാണത്തിന്റെ തിരിച്ചടവ് എന്നിവയ്ക്കായി പ്രത്യേക പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. ഭൂരഹിത- ഭവനരഹിതരുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമായ 50 സെന്റിൽ കുറയാത്ത ഭൂമി തദ്ദേശഭരണസ്ഥാപനങ്ങളുടെ പേരിൽ വാങ്ങുന്നതിന് നീക്കി വയ്ക്കാവുന്നതാണ്. ഇതിനുപുറമെ ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്തുകൊണ്ട് ലൈഫ് പദ്ധതിയുടെ മാനദണ്ഡപ്രകാരം ഭൂമിയുള്ള ഭവനരഹിതർക്കായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. ലൈഫ് പദ്ധതിയുടെ വിഭവസ്രോതസ്സ് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം വരുന്ന മുറയ്ക്ക് പദ്ധതി ഭേദഗതി ചെയ്തു കൂടുതൽ ഭവനനിർമ്മാണം ഏറ്റെടുക്കാൻ അനുവദിക്കുന്നതാണ്.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ് )

3.21 **<u>കേരളപാലിയേറ്റീവ് നേഴ്സസ് ഫെഡറേഷൻ സെക്രട്ടറിയുടെ 03.05.17 ലെ കത്ത്.</u>**

തദ്ദേശഭരണ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന പാലിയേറ്റീവ് നേഴ്സമാരെ സ്ഥിരപ്പെടുത്തണമെന്നും ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**<u>തീരുമാനം</u>** – ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

(നടപടി – തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്)

3.22 **<u>കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ കത്ത്.</u>**

കണ്ണൂർ കോർപ്പറേഷൻ മേയർക്കും ഡെപ്യൂട്ടി മേയർക്കും 2 ഇന്നോവ കാറുകൾ വാങ്ങുന്നതിന് അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>** – ധനകാര്യവകുപ്പിന്റെ അനുമതിക്കു നൽകണം.

(നടപടി – തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

3.23 **<u>കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 08.03.17 ലെ AH3–25600/16–ാാം നമ്പർ കത്ത്.</u>**

2016 – 17 ലെ വാർഷിക പദ്ധതിയിലെ S0/622/17–ാാം നമ്പർ പ്രോജക്ടായ മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് പ്രത്യേകം രൂപ കല്പന ചെയ്ത വാഹനം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. (പൊക്ലൈനർ 27.00 ലക്ഷം രൂപ, ടിപ്പർലോറി 13.00 ലക്ഷം രൂപ. ആകെ 40.00 ലക്ഷം രൂപ)

**<u>തീരുമാനം</u>** – വാഹനം വാങ്ങുന്നതു സംബന്ധിച്ച് മറ്റു നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി – തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

യോഗം ഉച്ച കഴിഞ്ഞ് 1.30 ന അവസാനിച്ചു.

**<u>യോഗത്തിൽ  പങ്കെടുത്തവർ</u>**

1 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ സ്റ്റേറ്റ്പ്ലാനിംഗ് ബോർഡ്
2 ശ്രീ. എ. ഷാജഹാൻ, സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ. വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4 ശ്രീമതി പ്രസന്നകുമാരി, ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്
5 ശ്രീ. എ.കെ. മോഹനകുമാർ, ജെ.എസ്, തദ്ദേശസ്വയംഭരണ വകുപ്പ്
6 ശ്രീ. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
7 ശ്രീ. എസ്. സജിത്, അണ്ടർ സെക്രട്ടറി, ഫിനാൻസ്
8 ശ്രീമതി. ഹരിത. വി. കുമാർ, ഡയറക്ടർ, അർബൻ അഫയേഴ്സ്
9 ശ്രീ. പി.ആർ. സജികുമാർ, ചീഫ്എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10 ശ്രീ. സാംൻകി , ഡയയറക്ടർ, കെ.എസ്.എ
11 ശ്രീ. എസ്. ജമാൽ, എസ്.ആർ.ജി. മെമ്പർ
12 ശ്രീ. അനീഷ്. എ, പ്രോജക്ട് മാനേജർ, ഐ.കെ.എം
13 ശ്രീ.വി. രാമനാഥൻ, സീനിയർ കൺസൾട്ടന്റ്, എസ്.സി.എം.റ്റി, കേരള
14 ശ്രീ. ഡി. രഘുകുമാർ, ഫിനാൻസ് ഓഫീസർ, അർബൻ അഫയേഴ്സ്
15 ശ്രീ. സി.വി.ജോയി, സുചിത്വമിഷൻ (ഡി.ഓപ്പറേഷൻ)
16 ശ്രീമതി. ലിഷ മോഹൻ, എഡി.സി, സി.ആർ.ഡി
17 ശ്രീ. എച്ച്. ഷാജി, കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, KLGSDP
18 ശീ. ശ്രീറാം സാംബശിവ റാവു, എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
19 ശ്രീ. എം.എസ്.നാരായണൻ നമ്പൂതിരി, ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
20 ശ്രീ. എം.പി. അജിത്കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത്
21 ശ്രീ. കെ. ആർജ്ജുനൻ, എസ്.ആർ.ജി. മെമ്പർ
22 ശ്രീ. എസ്. ദിവാകരൻ പിള്ള, എസ്.പി.എ.ഒ
23 ശ്രീ. വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ
24 ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ.